**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല — ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2439/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 17.09.2018

==========================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.01.2014-ലെ ഇ 5(എസ് സി 34/2013/കെടിഎം) 32558/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 30.04.2014-ലെ 16605/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
3. സർക്കാരിന്റെ 12.04.2017-ലെ 16605/ഇപിബി2/2014/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. ശ്രീ. ഒ.എസ്. വീരേന്ദ്രൻ സമർപ്പിച്ച 15.08.2017-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 22.01.2018-ലെ ഡി5-22050/2014 നമ്പർ കത്ത്

**ഉത്തരവ്**

കെട്ടിടനിർമ്മാണപെർമ്മിറ്റ് അനുവദിക്കുന്നതിനായി ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ഒ എസ് വീരേന്ദ്രൻ 2 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടുവെന്ന ശ്രീ.റെജി പ്രോത്താസീസിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 16.11.2013-ൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിടനിർമ്മാണപെർമ്മിറ്റിനായി ശ്രീ.റെജി സമർപ്പിച്ച അപേക്ഷ ചട്ടപ്രകാരമല്ല എന്ന് കണ്ടതിനെത്തുടർന്ന് സെക്രട്ടറി നിരസിച്ചിരുന്നുവെന്നും തുടർന്ന് പഞ്ചായത്ത് കമ്മിറ്റി ടി പെർമ്മിറ്റ് അനുവദിക്കാൻ തീരുമാനമെടുക്കുകയും കമ്മിറ്റി തീരുമാനത്തിനെതിരെ സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായെന്നും, കമ്മിറ്റി തീരുമാനപ്രകാരം പെർമ്മിറ്റ് നൽകാതിരിക്കാൻ സെക്രട്ടറിക്ക് ചട്ടപ്രകാരം അവകാശമുണ്ടായിരുന്നുവെന്നും പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ഇക്കാര്യം സെക്രട്ടറി മേലധികാരികളെ അറിയിക്കുകയും ഇതിനെതിരെ നടപടികൾ സ്വീകരിക്കുകയും വേണമെന്നിരിക്കെ സെക്രട്ടറിയായിരുന്ന ശ്രീഒ എസ് വീരേന്ദ്രൻ അപ്രകാരം ചെയ്യുകയുണ്ടായില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ടി ക്രമക്കേടുകൾ മുൻനിർത്തി ശ്രീ. ഒ.എസ്. വീരേന്ദ്രന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. എന്നാൽ ശ്രീ. ഒ.എസ്. വീരേന്ദ്രൻ 31.05.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.സി.എസ്. (സി.സി.&എ) പ്രകാരമുള്ള നടപടികൾ തുടരാൻ സാധ്യമല്ലാത്തതിനാൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3(എ) പ്രകാരം ശ്രീ. ഒ.എസ്. വീരേന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ്

നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഒ.എസ്. വീരേന്ദ്രൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ കെ.എം.ബി.ആർ. ചട്ടം, പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവയെല്ലാം രേഖാമൂലം ബോധ്യപ്പെടുത്തി പെർമിറ്റ് നൽകുന്നതിനുള്ള തടസ്സങ്ങൾ സെക്രട്ടറി എന്ന നിലയിൽ താൻ കമ്മിറ്റിക്ക് ബോധ്യപ്പെടുത്തിക്കൊടുത്തിട്ടുണ്ടെന്നും അതിൻപ്രകാരം 27.06.2013-ലെ പഞ്ചായത്ത് കമ്മിറ്റി കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടില്ലെന്നും പഞ്ചായത്ത് കമ്മിറ്റി അനധികൃതമായ ഒരു തീരുമാനം കൈക്കൊള്ളുകയോ, ആയത് നടപ്പിലാക്കുകയോ ചെയ്താൽ മാത്രമേ പഞ്ചായത്ത് സെക്രട്ടറി തീരുമാനം സർക്കാരിന് സമർപ്പിച്ച് അനധികൃത തീരുമാനം റദ്ദ് ചെയ്യുന്നതിന് ആവശ്യപ്പെടേണ്ടതുള്ളൂവെന്നും ഇവിടെ അപ്രകാരം ഒരു തീരുമാനം പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടില്ലെന്നും ശ്രീ. ഒ.എസ്. വീരേന്ദ്രൻ ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. ഒ.എസ്. വീരേന്ദ്രൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഒ.എസ്. വീരേന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്തുക എന്ന താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രനെതിരായ ആരോപണങ്ങളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
2. ശ്രീ. ഒ.എസ്. വീരേന്ദ്രൻ, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/167/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ